# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3816 15.05.2017- ൽ മറുപടിക്ക്

### വരുമാന സർട്ടിഫിക്കറ്റിന്റെ കാലാവധി വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എസ്. ശർമ്മ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വരുമാന സർട്ടിഫിക്കറ്റ് നൽകുമ്പോൾ എന്ത് ആവശ്യത്തിനെന്നും എവിടെ സമർപ്പിക്കാനെന്നും രേഖപ്പെടുത്തുന്നതുമൂലം സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന ഓരോ ഘട്ടത്തിലും അപേക്ഷകൾ നൽകി കാത്തിരിക്കേണ്ടതായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ഉദ്യോഗസ്ഥർക്കും അപേക്ഷകർക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ സ്ഥിതി ഒഴിവാക്കാൻ ഒരു വർഷക്കാലം പ്രാബല്യമുള്ളതും, ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തിക്കൊണ്ടുള്ളതുമായ വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് ഒരു വർഷമായി നിജപ്പെടുത്തി 25.04.2013-ൽ തന്നെ ജി.ഒ (പി) 160/2013 ആർ.ഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവിലും 23.03.1985-ലെ സ.ഉ(കൈ) 192/85/ആർ.ഡി യിലും നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രസ്തുത ഉത്തരവുകളിൽ 'കുടുംബം' എന്ന് നിർവ്വചിച്ചിരിക്കുന്നവരുടെ വരുമാനമാണ് കണക്കാക്കി വരുന്നത്. കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടേയും പേര് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നാളിതുവരെ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ